A

8001

SAMAGRA SHIKSHA KERALA

ആത്യന്തിക വിലയിരുത്തൽ - II 2025-26

# ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ക്ലാസ് : VIII

സമയം : 2 മണിക്കൂർ

സ്കോർ : 45

**നിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നി വിഷയങ്ങളെ മൂന്നു ഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. എല്ലാ ഉത്തര ക്കടലാസിലും പേര്, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ, വിഷയം എന്നിവ രേഖപ്പെടുത്തണം.

## ആരോഗ്യ-കായിക വിദ്യാഭ്യാസം

1 ചേരുംപടി ചേർത്ത് തന്നിരിക്കുന്നവയിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുക്കുക.

| | |
|---|---|
| A. ബി. എം. ഐ (B.M.I) | 1. അയവ് |
| B. മാരത്തോൺ ഓട്ടം | 2. ബോഡി കോമ്പോസിഷൻ |
| C. റെസിസ്റ്റൻസ് ട്രെയിനിങ് | 3. ഹൃദയശ്വസനക്ഷമത |
| D. യോഗ | 4. വെയ്റ്റ് ട്രെയിനിങ് |

a) A - 3 B - 4 C - 1 D - 2

b) A - 2 B - 1 C - 3 D - 4

c) A - 2 B - 3 C - 4 D - 1

d) A - 1 B - 4 C - 2 D - 3 (1 സ്കോർ)

2 ടഗ് ഓഫ് വാർ (വടംവലി) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഏറ്റവും ആവശ്യമായ ആരോഗ്യ സംബന്ധിയായ കായികക്ഷമതാഘടകം ഏതാണ്?

a). പ്രതികരണസമയം b). ബോഡി കോമ്പോസിഷൻ


c). പേശീക്ഷമത d). അയവ് (1 സ്കോർ)

3 പേശീശക്തി വികസിപ്പിക്കുന്നതിനുള്ള നാല് വ്യായാമ മുറകൾ എഴുതുക? (2 സ്കോർ)

4 പ്രഥമശുശ്രൂഷയുടെ എ ബി സി യെപ്പറ്റി വിശദീകരിക്കുക (2 സ്കോർ)

5 ചിത്രത്തിൽ കാണിച്ചിരിക്കുന്ന ശരീരസംസ്ഥിതി പരിമിതിയുടെ പേര് എഴുതുക.





I. ..........................................   ii. ..............................................

(2 സ്കോർ)

6 അസ്ഥിഭംഗം (Fracture) സംഭവിച്ചാൽ നൽകുന്ന പ്രഥമശുശ്രൂഷയെപ്പറ്റി വിവരിക്കുക.

(2 സ്കോർ)

7A മെച്ചപ്പെട്ട ആരോഗ്യം നിലനിർത്തുന്നതിനാവശ്യമായ ഏതെങ്കിലും നാല് ആരോഗ്യ സംബന്ധിയായ കായിക ക്ഷമതാഘടകങ്ങൾ എഴുതുക.

***അല്ലെങ്കിൽ***

7B വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

| സ്റ്റാറ്റിക് സ്ട്രെച്ചിങ് | ഡൈനാമിക് സ്ട്രെച്ചിങ് |
|---|---|
| i. .......................................... | 1. .......................................... |
| ii. അപ്പർ ബാക്ക് സ്ട്രെച്ച് | 2. .......................................... |
| iii. .......................................... | 3. ഷോൾഡർ റൊട്ടേഷൻ |

(2 സ്കോർ)

8A സ്ഥിരമായി പത്മാസനം ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.

***അല്ലെങ്കിൽ***

8B ഫ്ലാറ്റ്ഫൂട്ട് എന്ന ശരീരസംസ്ഥിതി പരിമിതിയെപ്പറ്റിയും അതിനുള്ള പരിഹാര മാർഗങ്ങളെപ്പറ്റിയും വിശദീകരിക്കുക. (3 സ്കോർ)

# കലാവിദ്യാഭ്യാസം

1. പ്രസ്താവന 1 : നിഴലും വെളിച്ചവും ആസ്പദമാക്കി ചിത്രം വരയ്ക്കുമ്പോൾ വസ്തുക്കൾക്ക് ത്രിമാനമായ പ്രതീതി തോന്നാറുണ്ട്.

പ്രസ്താവന 2 : നിഴലും വെളിച്ചവും ആവിഷ്കരിക്കുന്നതിന് നിരീക്ഷണ പാടവം ആവശ്യമാണ്.

പ്രസ്താവനകൾ വായിച്ച് താഴെ തന്നിരിക്കുന്നതിൽ നിന്ന് ശരിയായത് തിരഞ്ഞെടുക്കുക.

a) പ്രസ്താവന ഒന്നും രണ്ടും ശരി.

b) പ്രസ്താവന ഒന്നും രണ്ടും തെറ്റ്.

c) പ്രസ്താവന ഒന്ന് മാത്രം ശരി.

d) പ്രസ്താവന രണ്ട് മാത്രം ശരി. (1 സ്കോർ)

2 ചിത്രത്തെ ആസ്പദമാക്കി ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു.



പ്രസ്താവന 1 : പാശ്ചാത്യ സംഗീതത്തിലെ ഒരു ചിഹ്നമാണ് ചിത്രത്തിൽ കാണുന്നത്.

പ്രസ്താവന 2 : ഈ ചിഹ്നം സംഗീതത്തിൽ ഉപയോഗിക്കുന്ന ഒരു ഭാഷയാണ്.

പ്രസ്താവന 3 : ഈ ചിഹ്നത്തെ ട്രബിൾ ക്ലെഫ് എന്ന് പറയുന്നു.

പ്രസ്താവന 4 : ട്രബിൾ ക്ലെഫിന്റെ മറ്റൊരു പേരാണ് ബേസ് ക്ലെഫ്.

ഇവയിൽ നിന്ന് ശരിയായത് തിരഞ്ഞെടുത്തെഴുതുക.

a). പ്രസ്താവനകൾ രണ്ടും മൂന്നും നാലും ശരി.

b). പ്രസ്താവന നാല് മാത്രം ശരി.

c). പ്രസ്താവനകൾ ഒന്നും രണ്ടും മൂന്നും ശരി.

d). പ്രസ്താവനകൾ ഒന്നും നാലും ശരി. (1 സ്കോർ)

3A ഒരു സ്ഥാപനത്തെയോ സേവനത്തെയോ സംരംഭത്തേയോ സൂചിപ്പിക്കുന്ന ദൃശ്യചിഹ്നം ആണ് ലോഗോ. താഴെ തന്നിരിക്കുന്ന ലോഗോകൾ ശ്രദ്ധിക്കുക.

kerala God's Own Country METRO WWF little KITEs

നിങ്ങളുടെ സ്കൂളിലെ ഐ. ടി ക്ലബ്ബിന് വേണ്ടി ഒരു ലോഗോ വരയ്ക്കുക.

*അല്ലെങ്കിൽ*

3B ഒരു ജനാലയുടെ അരികിൽ ഒരു പൂച്ചട്ടി ഇരിക്കുന്നുണ്ട്. ജനാലയിലൂടെ സൂര്യപ്രകാശം പൂച്ചട്ടിയിൽ പതിക്കുന്നുണ്ട്. ഈയൊരു ദൃശ്യം നിങ്ങൾ നിരീക്ഷിച്ചു വരയ്ക്കുകയാണെങ്കിൽ എന്തൊക്കെ കാര്യങ്ങളാവും ശ്രദ്ധിക്കുക. വിശദീകരിക്കുക. (2 സ്കോർ)

4A താഴെ തന്നിരിക്കുന്ന മ്യൂസിക്കൽ നോട്ട് വരച്ച് ഭാഗങ്ങളായ ഹെഡ്, സ്റ്റെം, ടെയിൽ എന്നിവ അടയാളപ്പെടുത്തുക.



**അല്ലെങ്കിൽ**

4B വിവിധതരം താളങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

സൂചകങ്ങൾ

a. മൂന്ന് താളങ്ങളുടെ പേരുകൾ.

b. ഒരു താളത്തിന്റെ പ്രയോഗരീതി.

(2 സ്കോർ)

5A a). താഴെ തന്നിരിക്കുന്ന ചിത്രങ്ങളിൽ ക്ലോസ് അപ് ഷോട്ടുകൾ ഏതൊക്കെയെന്ന് എഴുതുക.



ചിത്രം 1



ചിത്രം 2



ചിത്രം 3



ചിത്രം 4

b). സിനിമയിൽ ക്ലോസ് അപ് ഷോട്ടുകൾ അധികവും ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെ?

**അല്ലെങ്കിൽ**

5B സിനിമയിൽ ആശയവ്യക്തതയോടെ ദൃശ്യങ്ങൾ കൂട്ടിച്ചേർക്കാൻ എഡിറ്റിങ് ഉപയോഗിക്കുന്നു. താഴെ തന്നിരിക്കുന്ന കഥാസന്ദർഭം ഷോട്ടുകൾ ആയി ചിത്രീകരിച്ച് എഡിറ്റ് ചെയ്ത് പൂർത്തിയാക്കേണ്ടതുണ്ട്.

"രാത്രി റോഡരികിലൂടെ ടോർച്ചും തെളിച്ച് നടന്നുവരുന്ന മധ്യവയസ്കൻ. പെട്ടെന്ന് ആരോ പിന്നിൽ നിന്ന് വിളിച്ചപോലെ അയാൾ പേടിച്ചു തിരിഞ്ഞുനോക്കുന്നു. അകലെ അരണ്ടവെളിച്ചത്തിൽ കണ്ടത് ........................................"

a). കഥാസന്ദർഭം എഴുതി പൂർത്തിയാക്കുക.

b). താഴെ തന്നിരിക്കുന്ന പട്ടിക വരച്ച് വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

| | സന്ദർഭം | ഷോട്ട് |
|---|---|---|
| ഷോട്ട് 1 | രാത്രി റോഡരികിലൂടെ ടോർച്ചും തെളിച്ച് നടന്നുവരുന്ന മധ്യവയസ്കൻ. | വൈഡ് ഷോട്ട് |
| ഷോട്ട് 2 | ........................................ | ക്ലോസ് അപ് ഷോട്ട് |
| ഷോട്ട് 3 | അകലെ അരണ്ട വെളിച്ചം കാണുന്ന പ്രദേശം | ........................................ |
| ഷോട്ട് 4 | ........................................ | മീഡിയം ഷോട്ട് |

(2 സ്കോർ)

6 പ്രാദേശികമായി നൃത്തവൈവിധ്യങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. താഴെ തന്നിരിക്കുന്ന മൂന്നു നൃത്തരൂപങ്ങൾ അതിനുദാഹരണങ്ങളാണ്.



ഒപ്പന



തിരുവാതിര



മാർഗംകളി

ഈ മൂന്നു നൃത്തരൂപങ്ങളുടെ നാല് സാമ്യതകൾ എഴുതുക. (2 സ്കോർ)

7 "അതിശൈത്യമുള്ള നാട്, മഞ്ഞുപെയ്യുന്ന അന്തരീക്ഷം, ഒറ്റപ്പെട്ട വീടുകളും മരങ്ങളും മലകളും എല്ലാം മഞ്ഞുമൂടി നിൽക്കുന്നു. മഞ്ഞു പുതച്ച താഴ്‌വാരത്ത് ചെറിയ വീട്ടിൽ മിറാന്റെ എന്നൊരു പെൺകുട്ടിയുണ്ട്". ഈ കഥാസന്ദർഭം ഒരു നാടകമാക്കുന്നു എന്നിരിക്കട്ടെ അതിൽ മിറാന്റെയുടെ കഥാപാത്രസൃഷ്ടി എങ്ങനെയാവും നടത്തേണ്ടത്? സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

സൂചകങ്ങൾ: 1. വേഷം 2. ശരീരപ്രകൃതി 3. പ്രായം 4. ജീവിതരീതി (2 സ്കോർ)

8 'വില്ലേജ് ടൂറിസം' പദ്ധതിയുടെ ഭാഗമായി നിങ്ങളുടെ നാടിന്റെ ഗ്രാമഭംഗി പ്രചരിപ്പിക്കേണ്ടതുണ്ട്. അതിനായി എന്തൊക്കെ മാർഗങ്ങൾ സ്വീകരിക്കാം? വിശദമാക്കുക.

(3 സ്കോർ)

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

1 തയ്യൽ മെഷീനുകളെ സംബന്ധിച്ച ചില പ്രസ്താവനകൾ താഴെകൊടുത്തിരിക്കുന്നു.

പ്രസ്താവന 1 : ഗാർഹിക തയ്യൽ മെഷീൻ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്.

പ്രസ്താവന 2 : ഏതെങ്കിലും ഒരു നിറത്തിലുള്ള നൂൽ മാത്രമുപയോഗിച്ച് അലങ്കാരത്തുന്നൽ പൂർത്തിയാക്കുന്ന മെഷീനുകളാണ് വ്യാവസായിക എംബ്രോയിഡറി മെഷീനുകൾ.

പ്രസ്താവന 3 : വ്യാവസായിക തയ്യൽ മെഷീനുകൾ വേഗതയേറിയവയും മനുഷ്യാധ്വാനം കുറയ്ക്കുന്നവയുമാണ്.

താഴെപ്പറയുന്നവയിൽ ശരിയായത് തിരഞ്ഞെടുക്കുക.

a) പ്രസ്താവന 1, 2 ശരിയാണ്.

b) പ്രസ്താവന 1, 2, 3 ശരിയാണ്.

c) പ്രസ്താവന 1, 3 ശരിയാണ്.

d) പ്രസ്താവന 3 മാത്രം ശരിയാണ്. (1 സ്കോർ)

2 ചേരുംപടി ചേർത്ത് തന്നിരിക്കുന്നവയിൽ നിന്നും ഉചിതമായത് തിരഞ്ഞെടുക്കുക.

| | | |
|---|---|---|
| A) ടി സ്ക്വയർ | 1 |  |
| B) മിനി ഡ്രാഫ്റ്റർ | 2 |  |
| C) ഡ്രോയിങ് ബോർഡ് | 3 |  |
| | 4 |  |

a) A - 3 B - 4 C - 1

b) A - 2 B - 3 C - 4

c) A - 3 B - 1 C - 2

d) A - 4 B - 3 C - 2 (1 സ്കോർ)

3 സ്കൂളിൽ സംഘടിപ്പിച്ച വിപണനമേളയിൽ കുട്ടികൾ സ്വന്തമായി തയ്ച്ചു പൂർത്തിയാക്കിയ തുണികൊണ്ടുള്ള ഉൽപന്നങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

a) മേളയിൽ ഉൾപ്പെടുത്താനായി ഉപയോഗപ്രദമായ 2 തുണി ഉൽപന്നങ്ങൾ നിർദേശിക്കുക.

b) ഈ ഉൽപന്നങ്ങൾ കൂടുതൽ ആകർഷകമാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാം?

(2 സ്കോർ)

4 നിങ്ങളുടെ സ്കൂളിൽ നിന്നും ഒരു ഏകദിന പഠനയാത്ര പോകാൻ തീരുമാനിച്ചു.



a) നൽകിയിരിക്കുന്ന ടൂറിസം മാപ്പ് നിരീക്ഷിച്ച് പഠനയാത്രക്ക് അനുയോജ്യമായ ഒരു ടൂറിസം സർക്യൂട്ട് തയ്യാറാക്കുക.

b) ടൂറിസം സർക്യൂട്ട് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? (2 സ്കോർ)

5 ക്രമരഹിതമായ ഭൂപ്രകൃതിയുള്ള ഒരു വലിയ കൃഷിയിടത്തിൽ, തുള്ളിനന സംവിധാനം തിരഞ്ഞെടുക്കാൻ കർഷകനെ പ്രേരിപ്പിക്കുന്ന പ്രധാന കാരണങ്ങൾ എന്തായിരിക്കും?

(2 സ്കോർ)

6 തരംതിരിച്ച പാഴ്വസ്തുക്കൾ അതേരൂപത്തിൽ സംസ്കരണകേന്ദ്രത്തിലേക്ക് കയറ്റി അയക്കാനാവില്ല.

a) പാഴ്വസ്തുക്കൾ ട്രാൻസ്പോർട്ടേഷന് വേണ്ടി ഒരുക്കുന്നത് എങ്ങനെ?

b) ഈ പ്രക്രിയയ്ക്ക് പറയുന്ന പേര്? (2 സ്കോർ)

7A ഏതൊരു നിർമ്മിതിക്കും മുമ്പായി അതിന്റെ രൂപരേഖ വരയ്ക്കുന്നത് ഉചിതമായിരിക്കും. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

***അല്ലെങ്കിൽ***

7B നിങ്ങൾ സുഹൃത്തുക്കളുമായി ചേർന്ന് ഒരു കേക്ക് മേള നടത്താൻ തീരുമാനിച്ചു. കേക്കിന്റെ വിപണനസാധ്യത വർധിപ്പിക്കാൻ എന്തെല്ലാം ചെയ്യാനാകും? (2 സ്കോർ)

8A സ്കൂളിലെ ഭക്ഷ്യമേളയുമായി ബന്ധപ്പെട്ട വിവിധ വർണ്ണങ്ങളിൽ കേക്കുകൾ നിർമ്മിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടു. ഫുഡ്കളർ ഉപയോഗിക്കാതെ പ്രകൃതിദത്തമായ നിറങ്ങൾ ഉപയോഗിക്കണം എന്നാണ് നിങ്ങൾക്ക് ലഭിച്ച നിർദേശം.

a) കേക്കുകൾക്ക് എങ്ങനെയെല്ലാം പ്രകൃതിദത്തനിറങ്ങൾ നൽകാം?

b) ഇത്തരത്തിൽ ഭക്ഷ്യയോഗ്യമായ പ്രകൃതിദത്തനിറങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

***അല്ലെങ്കിൽ***

8B പൈതൃകമാലിന്യം രൂപപ്പെടുന്നതിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് അനുയോജ്യമായ പോസ്റ്റർ തയ്യാറാക്കുക. അനുയോജ്യമായ ചിത്രങ്ങളും വാചകങ്ങളും ഉൾപ്പെടുത്തുക. (3 സ്കോർ)